## മുതിർന്നവർക്കുള്ള ശബ്ബത്ത് സ്കൂൾ പാഠങ്ങൾ

# ദാനിയേൽ, കാലാന്ത്യ പ്രവാചകൻ

ഒന്നാം ക്വാർട്ടർ

(ജനുവരി, ഫെബ്രുവരി, മാർച്ച്)

2020

# DANIEL
(Malayalam)

*Principal Contributor* : **Elias Brasil de Souza**
*Translated by* : **K. M. David**
Mob: 8281103434

*Director* : **Soey Thomas**
*Editorial Board* : **S. Jacob, Soey Thomas**
*Published by* : Sabbath School Department
SWIU of Seventh - day Adventists,
Evergreen Lane, Moospet Road,
Thrissur - 680 005
Tel: 0487 2440341, 9495955082
Email: swiusda5@gmail.com
soeytom@gmail.com

*Copyright @ 2019 Publishers*

*Printed at* : Ebenezer Printpack (P) Ltd.
(On behalf of OWPH)
Thrissur - 680 012, Kerala
Tel: 0487 2361892, 2360992

Copies : 4500
Price : 20/-

# ദാനിയേൽ, കാലാന്ത്യ പ്രവാചകൻ

പത്തൊൻപതാം നൂറ്റാണ്ട് ഇരുപതിൽ അപ്രത്യക്ഷമായപ്പോൾ, ഒരു ശുഭാപ്തി വിശ്വാസം പടിഞ്ഞാറിനെ കീഴടക്കി. ശാസ്ത്രത്തിലൂടെയും സാങ്കേതികജ്ഞാനത്തിലൂടെയും മാനവികത ഒരു സുവർണ്ണയുഗത്തിലേക്കു മുന്നേറുകയായിരുന്നു. യുദ്ധം, ക്ഷാമം, ദാരിദ്ര്യം, വിശപ്പ് എന്നിവയൊക്കെ എന്നേക്കുമായി അവസാനിക്കുന്ന വിസ്മയകരമായ സാദ്ധ്യതകളുടെ ഒരു ഭാവിയിലേക്ക് ഒരു മുന്നേറ്റം അതായിരുന്നു പ്രതീക്ഷ.

ലോകപരമായ ഒരു കാഴ്ചപ്പാടിൽ, ലോകം ഇപ്പോഴും വളരെ ദാരുണമായ ഒരു അവസ്ഥയിൽ കാണപ്പെടുന്നു. അതിലുപരി, മെച്ചമാകുന്നതിനുള്ള സാദ്ധ്യതകളും വിരളമാണ്. നമ്മുടെ പൂർവ്വികന്മാർ കഴിഞ്ഞ യുഗങ്ങളിൽ ആയിരുന്നവിധം ഇപ്പോഴും മനുഷ്യരാശി അത്യാഗ്രഹം, പീഡനം, അക്രമം, കൈയ്യേറ്റം, ചൂഷണം, സ്വയനശീകരണം എന്നിവയിലേക്കു ചായ്‌വുള്ളവരായി കാണപ്പെടുന്നു. അതേസമയം, നമ്മുടെ വലിയ സാങ്കേതിക മുന്നേറ്റങ്ങളിൽ പലതും ചിലപ്പോഴൊക്കെ മനുഷ്യവർഗ്ഗത്തെ നന്നായി സേവിക്കുന്നുണ്ടെങ്കിലും, അവയും നമ്മുടെ അത്യാഗ്രഹം, പീഡനം, അക്രമം, കൈയ്യേറ്റം, ചൂഷണം, സ്വയനശീകരണം എന്നിവയെ സഹായിക്കുന്നു.

ഇവയൊന്നും തന്നെ അതിശയിപ്പിക്കേണ്ടതില്ല, പ്രത്യേകിച്ച് ഇതുപോലുള്ള വചനങ്ങളുടെ വെളിച്ചത്തിൽ: "ഹൃദയം എല്ലാറ്റിനെക്കാളും കപടവും വിഷമവുമുള്ളത്; അത് ആരാഞ്ഞറിയുന്നവൻ ആർ?" (യിരെ. 17:9); അല്ലെങ്കിൽ "ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും; ക്ഷാമവും ഭൂകമ്പവും അവിടവിടെ ഉണ്ടാകും" (മത്താ. 24:7). എന്നിരുന്നാലും ഈ നൈരാശ്യത്തിന്റെയും അനർത്ഥങ്ങളുടെയും മദ്ധ്യേ ഈ ക്വാർട്ടറിൽ നമ്മുടെ പഠനത്തിന് നമുക്കു ദാനിയേലിന്റെ പുസ്തകമുണ്ട്. "അന്ത്യകാലത്ത്" ജീവിക്കുന്ന നമുക്കു വിശേഷാൽ പ്രസക്തമായ പുസ്തകം (ദാനി. 12:9 കാണുക). അത് എന്തുകൊണ്ടെന്നാൽ, ദാനിയേലിന്റെ പാവനമായ പുറതാളുകളിൽ, നമുക്കു ദൈവത്തിൽ വിശ്വസിക്കുന്നതിനുവേണ്ടി മാത്രമല്ല, കർത്താവായ യേശുക്രിസ്തുവിലും, തന്റെ ക്രൂശ്മരണത്തിലും, മടങ്ങിവരവിന്റെ വാഗ്ദത്തത്തിലും, അതിനോടു ചേർന്നുള്ള സകലവും വിശ്വസിക്കുന്നതിനു വേണ്ടുന്നതായ ശക്തവും ന്യായയുക്തവും വിശ്വാസത്തെ ഉറപ്പിക്കുന്നതുമായ തെളിവുണ്ട്.

ഇതിനെക്കുറിച്ചു ചിന്തിക്കുക. ദാനിയേൽ പ്രവചനത്തിൽ എല്ലായിടങ്ങളിലും (2,7,8,11 അദ്ധ്യായങ്ങൾ) പല കോണുകളിൽ നിന്നായി, സാമ്രാജ്യങ്ങളുടെ ഈ അനുക്രമം നമുക്കു നൽകപ്പെട്ടിരിക്കുന്നു: ബാബിലോൺ, മേദ്യ-പേർഷ്യ, ഗ്രീസ്, റോമ, പിന്നെ യേശുവിന്റെ രണ്ടാംവരവിനുശേഷം ദൈവത്തിന്റെ നിത്യരാജ്യം. നമ്മുടെ ഇന്നത്തെ കാഴ്ചപ്പാടിൽ നാം ജീവിക്കുന്ന കാലത്ത്, എല്ലാ ലോക സാമ്രാജ്യങ്ങളും പ്രവചനപ്രകാരം വന്നുപോയതായി നമുക്കു കാണാൻ കഴിയുന്നു. അല്ലെങ്കിൽ റോമയുടെ കാര്യത്തിൽ, ദാനിയേൽ എഴുതിയ പ്രകാരം അതു വരികയും ഇന്നും നിലനിൽക്കുകയും ചെയ്യുന്നു. ദാനിയേൽ 2:33,41 ലെ പാദങ്ങളിലും വിരലുകളിലും അതു ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. ഇനിയും വിഭജിതമായ യൂറോപ്യൻ രാജ്യങ്ങളിലും

റോമാസഭയിൽ തന്നെയും അതു പ്രകടമാണ്. അങ്ങനെ ബാബിലോണിന്റെയോ ഗ്രീസിന്റെയോ അതുമല്ലെങ്കിൽ റോമയുടെ ആദ്യനാളുകളിലോ പോലും ജീവിച്ചിരുന്ന ഒരാൾക്കു ലഭിക്കാതിരുന്ന വിധം ലോകചരിത്രം പോലെ വിശാലവും ഉറച്ചതുമായ ഒരു ബൈബിൾ പ്രവചന ദൃഢപ്രഖ്യാപനം നമുക്കുണ്ട്. പ്രവചന സമയരേഖയുടെ ഏതു ഭാഗത്തു നാം ജീവിച്ചിരുന്നാലും, ഈ രാജ്യങ്ങളെയെല്ലാം സംബന്ധിച്ചു ദാനിയേൽ പ്രവചിച്ചതൊക്കെ ശരി ആയിരുന്നെന്നു നമുക്കു കാണുവാൻ കഴിയും. അങ്ങനെ, വരുവാനുള്ള ആ ഏക രാജ്യത്തെ സംബന്ധിച്ചും ദൈവത്തിൽ വിശ്വസിക്കുവാൻ നമുക്ക് അധികം കാരണങ്ങളുണ്ട്: അതാണു രണ്ടാം വരവിനെ തുടർന്നു വരുന്ന ദൈവത്തിന്റെ നിത്യരാജ്യം.

അതേ, ദാനിയേലിന്റെ പുസ്തകം, പ്രത്യേകിച്ചു സെവന്ത് ഡേ അഡ്വന്റിസ്റ്റുകൾക്കു വിശ്വാസത്തെ ഉറപ്പാക്കുന്ന ഔദ്യോഗിക രേഖയായി ശക്തിയോടെ നിലനിൽക്കുന്നു. അവർ അതിന്റെ താളുകളിൽ തങ്ങളുടെ സഭയ്ക്കു മൗലികമായ വേദഭാഗങ്ങൾ കണ്ടെത്തുന്നു. ദാനിയേൽ 8:14 പ്രത്യേകിച്ചു പ്രസക്തമാണ്: "അതിന് അവൻ അവനോട്: രണ്ടായിരത്തിമുന്നൂറു സന്ധ്യയും ഉഷസ്സും തികയുവോളം തന്നെ; പിന്നെ വിശുദ്ധമന്ദിരം യഥാസ്ഥാനപ്പെടും" എന്നു പറഞ്ഞു. ഈ വേദഭാഗം ദാനിയേൽ 7:22,26,27 നു സമാന്തരമാണ്. "അത്യുന്നതന്റെ വിശുദ്ധന്മാർക്ക് അനുകൂലമായ" സ്വർഗ്ഗത്തിലെ വലിയ ന്യായവിധിയെ തുടർന്നു നിത്യരാജത്വം സ്ഥാപിക്കപ്പെടുമെന്ന് ഈ വേദഭാഗം കാണിച്ചുതരുന്നു. ക്ഷണികമായ ഭൗമിക രാജത്വങ്ങളെ അപേക്ഷിച്ച് ഇത് എന്നെന്നേക്കും നിലനിൽക്കും.

എന്നാലും ഈ "വലിയ ചിത്രത്തിനോടൊപ്പം" വ്യക്തിപരമായി ക്രിസ്തു എത്രമാത്രം നമ്മോട് അടുത്താണെന്നും നാം കാണണം. നെബൂഖദ്നേസ്സർ രാജാവിന്റെ സ്വപ്നം മുതൽ സ്വപ്നക്കൂട്ടിൽ നിന്നുള്ള ദാനിയേലിന്റെ വിടുതൽ വരെ, ദാനിയേലിന്റെ പുസ്തകം ദൈവത്തിന്റെ അന്തർവർത്തിത്വത്തെ അല്ലെങ്കിൽ സാമീപ്യത്തെ എടുത്തു കാണിക്കുന്നു. ദാനിയേൽ ദുഷ്ടനായ ബേൽശസ്സർ രാജാവിനോടു പറഞ്ഞതുപോലെ, "തിരുമനസ്സിലെ ശ്വാസവും എല്ലാ വഴികളും കൈവശം ഉള്ളവനാണ്" ദൈവം എന്നു പുസ്തകം കാണിച്ചുതരുന്നു (ദാനി. 5:23).

ചുരുക്കത്തിൽ ദാനിയേലിന്റെ പുസ്തകം ഈ ത്രൈമാസത്തിൽ നമ്മൾ പഠിക്കുന്നു; പുസ്തകമാകട്ടെ അത് എഴുതപ്പെട്ട ആയിരക്കണക്കിനു വർഷങ്ങൾക്കു മുമ്പെന്നപോലെ ഇന്നും നിലനിൽക്കുന്നു: നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സ്നേഹത്തിന്റെയും സ്വഭാവത്തിന്റെയും ശക്തമായ ഒരു വെളിപ്പെടുത്തൽ.

**ഏലിയാസ് ബ്രസീൽ ഡിസൂസ**- സെവന്ത് ഡേ അഡ്വന്റിസ്റ്റ് ലോകതലസ്ഥാനമായ ജനറൽ കോൺഫ്രൻസിലെ ബിബ്ലിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ ആയി സേവനം അനുഷ്ഠിച്ചിരുന്നു. പഴയനിയമ വ്യാഖ്യാനത്തിലും ദൈവശാസ്ത്രത്തിലും ആൻഡ്രൂസ് യൂണിവേഴ്സിറ്റിയിൽനിന്നും അദ്ദേഹത്തിനു ഡോക്ടറേറ്റ് ബിരുദം ഉണ്ട്.

പ്രസാധകർ

# ഉള്ളടക്കം


1 വായനയിൽനിന്ന് അറിവിലേക്ക്
ഡിസംബർ 28 – ജനുവരി 3 ........ 7

2 യെരൂശലേമിൽനിന്ന് ബാബിലോണിലേക്ക്
ജനുവരി 4 – 10 ........ 14

3 നിഗൂഢതയിൽനിന്നു വെളിപ്പാടിലേക്ക്
ജനുവരി 11 – 17 ........ 21

4 തീച്ചൂളയിൽനിന്നു കൊട്ടാരത്തിലേക്ക്
ജനുവരി 18 – 24 ........ 28

5 അഹന്തയിൽനിന്ന് വിനയത്തിലേക്ക്
ജനുവരി 25 – 31 ........ 35

6 അഹങ്കാരത്തിൽനിന്ന് നാശത്തിലേക്ക്
ഫെബ്രുവരി 1 – 7 ........ 42

7 സിംഹങ്ങളുടെ ഗുഹയിൽനിന്ന് ദൂതന്മാരുടെ ഗുഹയിലേക്ക്
ഫെബ്രുവരി 8 – 14 ........ 49

8 പ്രക്ഷുബ്ധമായ കടലിൽനിന്ന് ആകാശമേഘങ്ങളിലേക്ക്
ഫെബ്രുവരി 15 – 21 ........ 56

9 മലിനീകരണത്തിൽനിന്ന് ശുദ്ധീകരണത്തിലേക്ക്
ഫെബ്രുവരി 22 – 28 ........ 63

10 ഏറ്റുപറയുന്നതിൽനിന്നു ആശ്വാസത്തിലേക്ക്
ഫെബ്രുവരി 29 – മാർച്ച് 6 ........ 70

11 യുദ്ധത്തിൽനിന്നു വിജയത്തിലേക്ക്
മാർച്ച് 7 – 13 ........ 77

12 തെക്കുനിന്നും വടക്കുനിന്നും മനോഹര ദേശത്തേക്ക്
മാർച്ച് 14 – 20 ........ 84

13 പൊടിയിൽനിന്നു നക്ഷത്രങ്ങളിലേക്ക്
മാർച്ച് 21 – 27 ........ 91